15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4092 | 18-07-2022 - ൽ മറുപടിയ്ക്ക്

## മെഡിസെപ്പ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് ഗുണഭോക്താക്കളുടെ പ്രീമിയം തുകയിൽ നിന്നും ബന്ധപ്പെട്ട ഇൻഷുറൻസ് കമ്പനികൾക്ക് ഓരോ മാസവും എത്ര തുകയാണ് നൽകുന്നതെന്നും ബാക്കി തുകയുണ്ടെങ്കിൽ എന്ത് ആവശ്യത്തിന് ഉപയോഗിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | **മെഡിസെപ്പ് ഗുണഭോക്താക്കളുടെ പ്രതിമാസ പ്രീമിയം തുക Rs.500/- (GST യുൾപ്പെടെ) രൂപയാണ് ഈടാക്കുന്നത്. വാർഷിക പ്രീമിയം വിഹിതം GST യുൾപ്പെടെ Rs.5664/- രൂപയാണ്. വാർഷിക പ്രീമിയം ഇനത്തിൽ 5664/- രൂപയിൽ അധികരിക്കുന്ന തുക ഒരു കരുതൽ ഫണ്ടായി നീക്കിവെച്ച് അവയവമാറ്റ ചികിത്സാ പ്രക്രിയകൾക്ക് ഇൻഷുറൻസ് കമ്പനി 35 കോടി രൂപയിൽ കുറയാത്ത തുക ഉൾപ്പെടുത്തി രൂപീകരിക്കുന്ന കോർപ്പസ് ഫണ്ടിലെ വിഹിതം (മൂന്ന് വർഷത്തെ പോളിസി കാലയളവിനകത്ത്) തീരുന്ന മുറയ്ക്ക് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചികിത്സാ പ്രക്രിയകൾക്ക് തന്നെ വിനിയോഗിക്കുന്നു. MEDISEP പദ്ധതി പെൻഷൻകാരും ആശ്രിതരും കൂടി ഉൾപ്പെട്ടതാകയാൽ catastrophic illness ഗണത്തിൽ കൂടുതൽ ചിലവ് നേരിടേണ്ടതായ സാഹചര്യം ഉണ്ട്. പ്രതിമാസ പ്രീമിയം വിഹിതം 500 രൂപയാക്കുന്നതോടെ ടി തുക കണ്ടെത്താൻ സാധിക്കുന്നു.** |
| (ബി) | ജീവനക്കാരന് കൂടിയ കവറേജ് ആവശ്യമെങ്കിൽ അതിനാവശ്യമായ പ്രീമിയം ജീവനക്കാരിൽ നിന്നും വാങ്ങിക്കൊണ്ട് പ്രസ്തുത പദ്ധതി ഫ്ലെക്സിബിൾ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | **22.01.2021-ൽ പ്രസിദ്ധീകരിച്ച പുതുക്കിയ Request For Proposal (RFP) പ്രകാരം മെഡിസെപ്പിൽ അംഗമായ ഓരോ കുടുംബത്തിനും നിശ്ചിത മൂന്ന് വർഷത്തെ പോളിസി പിരീഡിനകത്ത് പ്രതിവർഷം 3 ലക്ഷം രൂപ നിരക്കിൽ അടിസ്ഥാന പരിരക്ഷ നിശ്ചയിച്ച് ടെൻഡർ നടപടികളിലൂടെ ഓറിയന്റൽ ഇൻഷുറൻസ് കമ്പനിയെ തെരഞ്ഞെടുത്ത്, 01.07.2022 മുതൽ പദ്ധതി ആരംഭിച്ചിരിയ്ക്കുന്ന സാഹചര്യത്തിൽ കൂടുതൽ കവറേജ് കൂടുതൽ പ്രീമിയം എന്ന ഫ്ലെക്സിബിൾ ഓപ്ഷൻ ഇപ്പോൾ പദ്ധതിയിൽ നടപ്പിൽ വരുത്തുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുകളുണ്ട്.** |

| | | | |
|---|---|---|---|
| (സി) | മെഡിസെപ്പിൽ എംപാനൽ ചെയ്യപ്പെട്ട എല്ലാ സ്വകാര്യ ആശുപത്രികളിലും പ്രസ്തുത ആശുപത്രിയിൽ നിലവിലുള്ള എല്ലാ ചികിത്സകളും അനുവദനീയമാണോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ; | (സി) | **മെഡിസെപ്പിൽ എംപാനൽ ചെയ്യപ്പെട്ട എല്ലാ സ്വകാര്യ ആശുപത്രികളിലും പ്രസ്തുത ആശുപത്രിയിൽ പദ്ധതിയിൽ പരാമർശിക്കുന്ന എല്ലാ ചികിത്സകളും അനുവദനീയമാണ്. എന്നാൽ ചില ആശുപത്രികളിൽ നിശ്ചിത ചികിത്സകൾക്കുള്ള സ്ഥിരം ഡിപ്പാർട്ടുമെന്റ് സൗകര്യം ലഭ്യമല്ലാത്തതിനാൽ അവയൊന്നും പദ്ധതിയിൽ എംപാനൽ ചെയ്തിട്ടില്ല.** |
| (ഡി) | എംപാനൽ ചെയ്യപ്പെട്ട ആശുപത്രിയിൽ നിന്ന് ഇൻഷുറൻസ് ലഭിക്കാൻ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (ഡി) | **www.medisep.kerala.gov.in എന്ന വെബ്പോർട്ടലിൽ നിന്നും മെഡിസെപ് ഐ.ഡി. യൂസർ ഐ.ഡിയായും. പെൻ നം./പി.പി.ഒ. നം/ എംപ്ലോയ് ഐ.ഡി. പാസ്സ് വേർഡായും നൽകി ഡൗൺലോഡ് ചെയ്തെടുക്കാവുന്ന മെഡിസെപ് ഐ.ഡി. കാർഡും ഏതെങ്കിലും ഒരു തിരിച്ചറിയൽ കാർഡുമായി (ആധാർ കാർഡ്, പാൻ കാർഡ്, വോട്ടേഴ്സ് ഐ.ഡി കാർഡ്, പാസ്സ്പോർട്ട്, ഡ്രൈവിങ് ലൈസൻസ്, എംപ്ലോയ് ഐ.ഡി.കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ്സ്ബുക്ക്) പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചികിത്സകൾക്കായി മെഡിസെപ് -ൽ എംപാനൽ ചെയ്യപ്പെട്ട ഹോസ്പിറ്റലിനെ സമീപിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ